ഫുട്പാത്തും ഹാൻഡ്റെയിലും നിർമ്മിക്കാൻ നടപടി

86(4367) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് കല്ലടി ഹയർ സെക്കണ്ടറി സ്കൂൾ, എം. ഇ. എസ്. കല്ലടി കോളേജ്, എം. ഇ. എസ്. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി എൻ. എച്ച്. 213 ൽ കല്ലടി ഹയർ സെക്കണ്ടറി സ്കൂൾ മുതൽ കുന്തിപ്പുഴവരെ റോഡിന്റെ വടക്കു ഭാഗത്ത് ഫുട്പാത്ത് നിർമ്മിക്കാനും ഹാൻഡ് റെയിൽ സ്ഥാപിക്കാനും സത്വര നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ ഇത് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഫുട്പാത്ത് നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ

87 (4368) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മാരമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണ് ;

(ബി) ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കരാർ പ്രകാരം ഈ റോഡുകൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രോജക്ടിലെ നിർദ്ദിഷ്ട റോഡുപണികളിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്ന പ്രയോജനം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ. എസ്. ടി. പി. പ്രകാരം സംസ്ഥാനത്തെ 1000 കി. മീ. റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും 600 കി.മീ. റോഡുകൾ പുതുക്കിപ്പണിയുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) ലോകബാങ്കുമായി ഒപ്പുവച്ച കരാർ പ്രകാരം 5 വർഷംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

1600 കി.മീ. റോഡുകളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഈ പദ്ധതിക്കായി ലോകബാങ്കിൽ നിന്നും കേന്ദ്ര സർക്കാർ വഴി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന 1250 കോടി രൂപ 5 വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷം കൊണ്ട് 8.5 ശതമാനം പലിശ സഹിതം തിരിച്ചടയ്ക്കണം.

(സി) 2007-ൽ.

(ഡി) 1. ഗുണമേന്മയുള്ള റോഡുകൾ നിർമ്മിയ്ക്കുന്നതിലൂടെ സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കുന്നു.

2. സഞ്ചാരസമയത്തിൽ 20 % കുറവ്.

3. വാഹനങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾക്ക് 20% ത്തോളം കുറവ്.

4. ഇന്ധനത്തിന്റെ ഉപയോഗത്തിനുള്ള 10 % മുതൽ 20 % വരെയുള്ള കുറവ്.

5. അപകടനിരക്കിൽ ഗണ്യമായ കുറവ് (റോഡു സുരക്ഷ പരിപാടി നടപ്പാക്കൽ)

7. വാർഷിക മെയിന്റനൻസ് ചെലവുകളിൽ ഗണ്യമായ കുറവ്.

8. പൊതുമരാമത്ത് വകുപ്പിന്റെ ശക്തിപ്പെടുത്തലും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തലും.

കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് പ്രോജക്ടിന്റെ പണി

86(4369) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡ് വികസനത്തിന് വിദേശ സാമ്പത്തിക സഹായത്തോടുകൂടി നടപ്പാക്കുന്ന കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക എത്രയെന്നും എത്ര വർഷം കൊണ്ടാണ് പണി പൂർത്തിയാക്കുന്നതെന്നും ഇതിന്റെ ഇംപ്ലിമെന്റിംഗ് ഏജൻസിയും കൺസൾട്ടിംഗ് ഏജൻസിയും ആരൊക്കെയാണെന്നും വെളിപ്പെടുത്തുമോ ;

(ബി) സർക്കാരിൽനിന്നും പെൻഷൻ പറ്റിപ്പിരിഞ്ഞ എൻജിനീയർമാരുടെയോ മറ്റ് ഉദ്യോഗസ്ഥന്മാരുടെയോ സേവനം ഈ പദ്ധതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ ; എങ്കിൽ അതേപ്പറ്റി വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതിയുടെ ആവശ്യത്തിലേക്കായി എത്ര മോട്ടോർ വാഹനങ്ങൾ നാളിതുവരെ വാങ്ങിയിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവായി എന്നും വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതിയുടെ താൽപ്പര്യത്തിലേക്കായി സ്വകാര്യ വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നുണ്ടോ എന്നും ഉണ്ടെങ്കിൽ ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly